മലപ്പുറം മണ്ഡലത്തിലെ വൈദ്യുതി വകപ്പിന്റെ പ്രവർത്തനം

38(2076) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിയ വൈദ്യുതി വകുപ്പിന്റെ പ്രധാനപ്പെട്ട വികസന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റ്, ത്രീഫേസ് ലൈൻ വലിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി നീക്കിവച്ച തുകയും, സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ എണ്ണവും വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി 27.536 കി.മീ. 11 കെ.വി. ലൈൻ, 4.242 കി.മീ. ത്രീ ഫേസ് ലൈൻ വലിക്കൽ 61 ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവർത്തികൾക്കായി ഏകദേശം 651.14 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

വൈദ്യുതി മീറ്ററുകളുടെ ഉപയോഗം

39(2077) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, നാളിതുവരെ എത്ര വൈദ്യുതി മീറ്ററുകൾ വാങ്ങി ; ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും ; അവയിൽ ഇലക്ട്രോണിക് മീറ്ററുകൾ എത്ര; മെക്കാനിക്കൽ മീറ്ററുകൾ എത്ര; ഇവയുടെ ഇനം തിരിച്ച മീറ്റർ വില എത്ര ;

(ബി) ഇതിൽ എത്ര മീറ്റർ ഉപയോഗിച്ചു; ഇനി എത്ര മീറ്റർ ഉപയോഗിക്കുവാനുണ്ട്; മീറ്ററുകൾ വാങ്ങുവാനായി നാളിതുവരെ എത്ര രൂപ ചെലവായി ; എത്ര തുക കുടിശ്ശിക നൽകാനുണ്ട് ; ആർക്കെല്ലാം ;വിശദാശം വ്യക്തമാക്കുമോ ;

(സി) നിലവിൽ ഗാർഹിക/മറ്റുമേഖലകളിൽ എത്ര കണക്ഷനുകൾ വീതമുണ്ട് ; അവയിൽ ഓരോ വിഭാഗത്തിലും മെക്കാനിക്കൽ/ഇലക്ട്രോണിക് മീറ്ററുകൾ എത്ര എന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1322/2017.

LIBRARY ARCHIVES Kerala Legislative Assembly